മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

46 [2069] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി 1987 മുതൽ 1990 ഡിസംബർ വരെ എത്ര മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം ജില്ലകളിൽ എത്ര വീതം;

(സി) ഇതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പ് പ്രതിവർഷം എന്തു തുക ഈ കാലയളവിൽ ചെലവാക്കി;

(ഡി) മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ പ്രവർത്തനം വിശദീകരിക്കുമോ?

ഉത്തരം

(എ) 1987 മുതൽ 1990 ഡിസംബർ വരെയുള്ള കാലയളവിൽ പുതുതായി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആർപ്പെടുത്തിയിട്ടില്ല.

(ബി)-യും (സി)-യും ചോദ്യം ഉദിക്കുന്നില്ല.

(ഡി) 1. നിശ്ചിത പരിപാടി അനുസരിച്ച് വാക്സിനേഷൻ മുതലായ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കർഷകർക്ക് എത്തുന്നതിന് സൗകര്യപ്രദമായ സ്ഥലങ്ങളിൽ സംഘടിപ്പിക്കുക.

2. മുൻകൂട്ടി നിശ്ചയിച്ച സ്ഥലങ്ങളിൽ ക്യാമ്പ് ഡിസ്പെൻസറികൾ നടത്തുക.

3. ബീജദാന സൗകര്യങ്ങൾ കർഷകരുടെ വീടു പരിസരത്ത് ലഭ്യമാക്കുക എന്നിവയാണ് മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ.

കന്നുകാലികൾക്ക് പ്യൂപ്പൽ രോഗം വരുന്നത് തടയാൻ നടപടി

47 [2070] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
,, കൊരമ്പയിൽ അഹമ്മദ് ഹാജി:
,, കെ. മൊയ്തീൻകുട്ടി ഹാജി:
,, പി. എം. അബൂബക്കർ:
,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കന്നുകാലികൾക്ക് പ്യൂപ്പൽ രോഗം പിടിപെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ രോഗത്തിന്റെ ലക്ഷണങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ രോഗം ഏതെല്ലാം പ്രദേശങ്ങളിലാണ് ബാധിച്ചിരിക്കുന്നത്;

(സി) ഇതിന്റെ പകർച്ച തടയുന്നതിന് എന്ത് നടപടിയെടുത്തു;

(ഡി) ഈ രോഗം പിടിപെട്ട പശുവിന്റെ പാൽ രോഗവിമുക്തമാണെന്ന് ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly